# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 433

27.06.2014-ലെ മറുപടിക്ക്

## കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എസ്. ശർമ്മ | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കർഷകർക്ക് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (എ) കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ കേന്ദ്രീകരിച്ച് മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കുന്നു. ആനയറ, മൂവാറ്റുപുഴ എന്നീ കാർഷിക മൊത്ത വ്യാപാര വിപണികളിൽ കോൾഡ് സ്റ്റോറേജുകൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിൽ കോൾഡ് സ്റ്റോറേജ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. മരട്, സുൽത്താൻബത്തേരി എന്നീ വിപണികളിൽ കോൾഡ് സ്റ്റോറേജ് പണികൾ നടന്നുവരികയും, അത് ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നെടുമങ്ങാട് മൊത്ത വ്യാപാര വിപണിയിൽ, ഈ വർഷം തന്നെ കോൾഡ് സ്റ്റോറേജിന്റെ പണികൾ ആരംഭിക്കുന്നതാണ്. |
| (ബി) ചില കാർഷിക വിളകളുടെ അമിതോല്പാദനം മൂലം കർഷകർ നേരിടുന്ന വിലത്തകർച്ച ഇത്തരം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ഒഴിവാക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (ബി) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വില തകർച്ച നേരിടുമ്പോൾ അത് മറി കടക്കുന്നതിനും, നഷ്ടങ്ങൾ ഒഴിവാക്കുന്നതും പരിഗണിച്ചാണ് സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിൽ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ സ്ഥാപിക്കുന്നത്. ടി മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് കാർഷിക വിപണനം ലാഭകരമായി നടത്തുന്നതിന് |

ആവശ്യമായ അടിസ്ഥാന സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. ടി വിപണികളിൽ എത്തുന്ന കർഷകരുടെ ഉല്പന്നങ്ങളായ പഴം-പച്ചക്കറികൾ എന്നിവയ്ക്ക് അമിതോല്പാദനം മൂലവും, മറ്റു കാരണങ്ങളാലും വിലത്തകർച്ച നേരിടുന്ന സാഹചര്യങ്ങളിൽ ഈ പ്രതിസന്ധി മറികടക്കുന്നതിനും, മെച്ചപ്പെട്ട വില ലഭിക്കുന്നതുവരെ കേടു കൂടാതെ സൂക്ഷിക്കുന്നതിനും വേണ്ടിയാണ് ശീതീകരണ മുറികൾ വിപണികളിൽ സ്ഥാപിക്കുന്നത്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിൽ ശീതീകരണ സംവിധാനങ്ങൾ പൂർണ്ണമായി സ്ഥാപിക്കുന്നതിലൂടെ, സംസ്ഥാനത്ത് ഒട്ടാകെ ഒരു ശീതീകരണ ശൃംഖല ആരംഭിക്കുവാൻ സാധിക്കും. ടി ശൃംഖലയിലൂടെ കർഷകരുടെ ഉല്പന്നങ്ങളായ പഴം-പച്ചക്കറി എന്നിവയുടെ കയറ്റുമതിയ്ക്കും, ഇവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനും അവസരം ഒരുക്കുന്നു. ഇതിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് വില തകർച്ച നേരിടുമ്പോൾ ഉണ്ടാകുന്ന ഭീതി അകറ്റുവാനും, അനുയോജ്യമായ സാഹചര്യം വരുമ്പോൾ ന്യായമായ വില ലഭിക്കുവാനും സഹായകമാകുന്നു.

**(സി)** എല്ലാ താലൂക്കുകളിലും ഉല്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കാൻ കോൾഡ് സ്റ്റോറേജ് സംവിധാനമുള്ള കർഷക മാർക്കറ്റുകൾ സ്ഥാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; വിശദാംശങ്ങൾ നൽകാമോ ?

**(സി)** ആദ്യഘട്ടം എന്ന നിലയിലാണ് സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിൽ കോൾഡ് സ്റ്റോറേജ് സംവിധാനം നടപ്പിലാക്കുന്നത്. ഘട്ടംഘട്ടമായി താലൂക്ക് ആസ്ഥാനങ്ങളിലും ഈ സംവിധാനം ഒരുക്കുന്നതാണ്.

അണ്ടർ സെക്രട്ടറി.